"ഭരണഭാഷ- മാതൃഭാഷ"



**കേരള സർക്കാർ**

**സംഗ്രഹം**

പജപവവിവ - ജീവനക്കാര്യം - ശ്രീ.ഇ.ടി.ഷാജി, എൽ.ഡി കമ്പയിലർ - ഡെപ്യൂട്ടേഷൻ ദീർഘിപ്പിക്കാതെ ജോലിയിൽ തുടർന്ന കാലയളവ് - ക്രമീകരിച്ചുകൊണ്ട് ഉത്തരവാകുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.115/2024/SCSTD തീയതി,തിരുവനന്തപുരം, 11-03-2024

---

പരാമർശം:-
1. സ.ഉ (പി) നം.45/2013/ധന, തീയതി.22.01.2013.
2. സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറുടെ 13.01.2022-ലെ DES/3330/2020-EA3 നമ്പർ നിരാക്ഷേപ പത്രം.
3. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 07.02.2022, 02.05.2023, 30.09.2023 തീയതികളിലെ E/E1/8265/23/STDD നമ്പർ കത്തുകൾ.

**ഉത്തരവ്**

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പിൽ എൽ.ഡി. കമ്പയിലർ ആയിരുന്ന ശ്രീ.ഇ.ടി.ഷാജി, പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള താമരശ്ശേരി ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസിൽ എൽ.ഡി. കമ്പയിലർ തസ്തികയിൽ സർക്കാർ അനുമതി കൂടാതെ 01.04.1999 മുതൽ 02.03.2002 വരെയും, 02.05.2004 മുതൽ 31.05.2004 വരെയും അന്യത്രസേവന വ്യവസ്ഥയിൽ തുടർന്ന കാലയളവ് ക്രമീകരിച്ചു നൽകണമെന്ന് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം ശിപാർശ സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിൽ എൽ.ഡി.കമ്പയിലറായിരുന്ന ശ്രീ.ഇ.ടി.ഷാജി സർക്കാർ അനുവാദമില്ലാതെ ഡെപ്യൂട്ടേഷനിൽ തുടർന്ന കാലയളവുകൾ അന്യത്രസേവന കാലാവധി വ്യവസ്ഥകൾ പരിഷ്കരിച്ചുകൊണ്ട് പുറപ്പെടുവിച്ച പരാമർശം (1)ലെ ഭേദഗതി ഉത്തരവ് തീയതിയായ 22/01/2013-ന് മുമ്പേ ആയതിനാൽ പ്രസ്തുത കേസിൽ കെ.എസ്.ആർ. ഭാഗം I, ചട്ടം 140 (c) ബാധകമാകുന്നില്ല എന്നതിനാൽ സാമ്പത്തിക സ്ഥിതിവിവരക്കണക്കിൽ ജോലിചെയ്യുന്ന ശ്രീ.ഇ.ടി.ഷാജി സർക്കാരിന്റെ അനുമതിയില്ലാതെ കോഴിക്കോട് ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസിൽ എൽ.ഡി കമ്പയിലർ തസ്തികയിൽ അന്യത്രസേവനത്തിൽ ജോലിചെയ്തിരുന്ന 01.04.1999 മുതൽ 30.03.2002 വരെയും, 02.05.2004 മുതൽ 31.05.2004 വരെയുമുള്ള കാലയളവുകൾ ഡെപ്യൂട്ടേഷന്റെ തുടർച്ചയായി ക്രമീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MINIMOL V G
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ഓഡിറ്റ്), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (09.02.2024-ലെ WWW-WW3/200/2023-Fin പ്രകാരം)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Biji.c.n
Date: 11-03-2024 15:05:39